# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4580 18/05/2017-ൽ മറുപടിക്ക്

## വൈദ്യുതി -ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം

| | ചോദ്യം<br><br>ശ്രീ.പി. ഉണ്ണി | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വൈദ്യുതി ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം എത്ര; | (എ) | 2017 മേയ് മാസം 10 വരെയുള്ള കണക്കനുസരിച്ച് 'ഉപഭോഗവും, ഉൽപ്പാദനവും തമ്മിലുള്ള അന്തരം 55.0606 ദശലക്ഷം യൂണിറ്റാണ്. |
| (ബി) | ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കാമോ? | (ബി) | വൈദ്യുതി ഉൽപാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനു വേണ്ടി KSEB യുടെ ഉടമസ്ഥതയിലുള്ള ആഭ്യന്തര സ്രോതസ്സുകൾക്ക് പുറമേ കേരളത്തിന് അകത്തു നിന്നും പുറത്ത് നിന്നും താഴെ സൂചിപ്പിച്ച പ്രകാരമുള്ള ഉൽപാദകരിൽ നിന്നും ദീർഘ കാല-ഹ്രസ്വകാല കരാറുകളിലൂടെ വൈദ്യുതി വാങ്ങുന്നു:<br><br>**1. കേന്ദ്ര വൈദ്യുത നിലയങ്ങൾ:**<br><br>കേന്ദ്ര ഊർജ്ജമന്ത്രാലയം അനുവദിക്കുന്ന വൈദ്യുതി വിഹിതമനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 13 കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നും ദീർഘകാല അടിസ്ഥാനത്തിൽ 1613 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നുണ്ട്. പ്രസ്തുത വൈദ്യുതിയുടെ വില CERC (Central Electricity Regulatory Commission) ആണ് നിശ്ചയിച്ചിരിക്കുന്നത്.<br><br>**2.കേരളത്തിന് പുറത്ത് നിന്നും ദീർഘകാല അടിസ്ഥാനത്തിൽ ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ:** |

a. **ധാരണാപത്രം മുഖേന (MoU Route):**

ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 62 അനുസരിച്ച് വൈദ്യുത ഉത്പാദകരിൽ നിന്നും വിതരണ ലൈസൻസിക്ക് നൽകുന്ന വൈദ്യുതിയുടെ വില അതാത് റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കേണ്ടതാണ്. ഇതുപ്രകാരം മൈതൺ പവർ ലിമിറ്റഡിൽ നിന്നും (Maithon Power Ltd MPL- TATA Power), ദാമോദർ വാലി കോർപ്പറേഷനിൽ നിന്നും (Damodhar Valley Corporation) (DVC) ധാരണാപത്രം വഴി കരാറിൽ ഏർപ്പെട്ട് CERC നിശ്ചയിച്ച നിരക്കിൽ 450 മെഗാവാട്ട് വൈദ്യുതി ദിവസം മുഴുവനും KSERC അനുമതി യോടെ വാങ്ങുവാൻ ദീർഘകാല കരാറിലേർപ്പെട്ടിട്ടുണ്ട്.

b. **ടെൻഡർ മുഖേന (Bidding Route):**

ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 ലെ സെക്ഷൻ 63 അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ നിയമാവലിക്കനുസൃതമായി സുതാര്യമായ ടെൻഡർ നടപടി ക്രമത്തിലൂടെ നിർണ്ണയിക്കുന്ന വൈദ്യുതിയുടെ വിലയുടെ അടിസ്ഥാനത്തിൽ അതാത് റഗുലേറ്ററി കമ്മീഷൻ അംഗീകാരത്തോടെ വിതരണ ലൈസൻസിക്ക് വാങ്ങാവുന്നതാണ്. ഇതുപ്രകാരം KSEBL കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച DBFOO (ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓൺ, ഓപ്പറേറ്റ്) നിയമാവലിയുടെ അടിസ്ഥാനത്തിൽ 865 മെഗാ വാട്ട് വൈദ്യുതി ദിവസം മുഴുവനും (24 hrs) വാങ്ങുവാനായി ദീർഘകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.
ഇതിൽ 415 മെഗാ വാട്ട് വൈദ്യുതി വാങ്ങുന്നതിന് KSERC യുടെ അനുമതി ലഭിച്ചിട്ടുണ്ട്. 01-10-2017 മുതൽ വാങ്ങുന്ന 450 മെഗാ വാട്ട് വൈദ്യുതി വാങ്ങൽ കരാറിന്റെ അനുമതി KSERC യിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള

കരാറിലൂടെ ഡിസംബർ 2016 മുതൽ 315 മെഗാ വാട്ട് വൈദ്യുതി കേരളത്തിന് ലഭിച്ചു തുടങ്ങി. ബാക്കി 550 മെഗാവാട്ട് വൈദ്യുതി 01-10-2017 മുതൽ ലഭിക്കേണ്ടതാണ്.

**3. കേരളത്തിന് പുറത്ത് നിന്നും ഹ്രസ്വ കാല അടിസ്ഥാനത്തിൽ ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറു കൾ:**

വൈദ്യുതി ക്ഷാമം നേരിടുന്ന കാലങ്ങളിൽ വൈദ്യുതി ആവശ്യകതയും ലഭ്യതയും വിശദമായി പരിശോധിച്ചും, വൈദ്യുതി പുറമേ നിന്നും കൊണ്ടു വരാനുള്ള പ്രസരണലൈനിന്റെ ലഭ്യത കണക്കിലെടുത്തും, കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ ഡീപ്പ് പോർട്ടലിലൂടെ ടെൻഡർ മുഖേന ഒരു വർഷത്തിൽ കുറഞ്ഞ കാലയളവിലേക്ക് KSEBL ഹ്രസ്വ കാല അടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെടാറുണ്ട്.

**4. കേരളത്തിന് ഉള്ളിൽ നിന്നുമുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ:**

ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 ലെ സെക്ഷൻ 62 അനുസരിച്ച് കേരളത്തിലുള്ള സ്വകാര്യസംരംഭകരുടെ ചെറുകിട ജല വൈദ്യുത പദ്ധതികൾ, കാറ്റ്, സൗരോർജ്ജ പ്ലാന്റുകൾ, തുടങ്ങിയവയിൽ നിന്നും ധാരണാപത്രം വഴിയുള്ള കരാറുകളിൽ ഏർപ്പെട്ട് ഏകദേശം 115 മെഗാവാട്ട് വൈദ്യുതി KSEBL വാങ്ങുന്നുണ്ട്. എൻ ടി പി സി (NTPC) യുടെ കായംകുളം താപനിലയവുമായി വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും വൈദ്യുതിയുടെ വില അധികമായതിനാൽ അവിടെ നിന്നും KSEBL ഇപ്പോൾ വൈദ്യുതി വാങ്ങാറില്ല.

| | | | |
|---|---|---|---|
| | | | **പവർ എക്സ്ചേഞ്ചിൽ നിന്നുമുള്ള വൈദ്യുതി വാങ്ങൽ**<br>ജലസംഭരണികളിലെ വെള്ളം സംരക്ഷിക്കുന്നതിനായി വൈദ്യുതക മ്പോളത്തിലെ വില കുറവുള്ള സമയത്ത് KSEB യുടെ ലോഡ് ഡെസ്പ്പാച്ച് സെൻറർ (LD Kalamassery) ഡേ എഹഡ് (day ahead) ടേം എഹഡ് (term ahead) വ്യവസ്ഥകളിലൂടെ പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി ആവശ്യാനുസരണം വാങ്ങുന്നു. 15 മിനിട്ട് ദൈർഘ്യമുള്ള 96 സ്ലോട്ടുകളിൽ ലഭ്യമായിട്ടുള്ള വൈദ്യുതിയുടെ വിലയും അളവും വ്യത്യസ്തമായിരിക്കും.<br>2016-17 കാലയളവിൽ KSEBL ഇപ്രകാരം 602 മില്യൺ യൂണിറ്റ് വൈദ്യുതി ശരാശരി വില യൂണിറ്റ് ഒന്നിന് 3.415 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്<br>**5. അൺ ഷെഡ്യൂൾഡ് ഇൻറർചേഞ്ച് (Unscheduled interchange)**<br>ലോഡ് ഡെസ്പ്പാച്ച് സെൻറർ (LD Kalamassery) ലൂടെ അൺ ഷെഡ്യൂൾഡ് ഇൻറർചേഞ്ച് വഴിയും KSEB Ltd. വൈദ്യുതി വാങ്ങുന്നുണ്ട്. 2016-17 കാലയളവിൽ KSEBL ഇപ്രകാരം 736 മില്യൺ യൂണിറ്റ് വൈദ്യുതി ശരാശരി വില യൂണിറ്റ് ഒന്നിന് 1.85 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ